# نصيحة الجمعة

## تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam–iyyathul Ulama, Kollam, Kerala)



للأستاذ المولوي سي. اي .موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥


**തീയതി: 26/01/2018. വിഷയം:'' റിപ്പബ്ലിക് ദിന ചിന്തകൾ ''**

وَلَا تَهِنُوا وَلَا تَحْزَنُوا وَأَنتُمُ الْأَعْلَوْنَ إِن كُنتُم مُّؤْمِنِينَ ﴿آل عمران ١٣٩:﴾

➢ ഇന്ന് ജനു 26. നമ്മുടെ രാജ്യം റിപ്പബ്ലിക് ദിനം ആഘോഷിക്കുകയാണ്. തലസ്ഥാനത്ത് വലിയ പരിപാടികൾ നടന്നു. രാജ്യത്തിന്റെ ശക്തിയും കഴിവും വളർച്ചയും വിളിച്ചോതുന്ന വിവിധ പരിപാടികൾ. ഇന്ത്യ സ്വതന്ത്രപരമാധികാര രാഷ്ട്രമായതിന്റെ വാർഷിക ദിനമാണിന്ന്. 1947 ഓഗസ്റ്റ് 15ന് സ്വാതന്ത്ര്യം നേടിയെങ്കിലും ഭരണത്തലവൻ ജോർജ് 6-ാമൻ തന്നെയായിരുന്നു. അദ്ദേഹത്തിന് വേണ്ടി സി. രാജഗോപാലാചാരി ഗവർണറായി എല്ലാത്തിനും നേതൃത്വം വഹിച്ചു. ഭരണക്രമം ബ്രിട്ടീഷ് ഗവൺമെന്റിന്റേതുതന്നെയായിരുന്നു. കാരണം നമുക്ക് സ്വന്തമായി ഒരു ഭരണഘടന ഉ ായില്ല.

➢ 1950 ജനുവരി 26-ന് നമ്മുടെ ഭരണഘടന നിലവിൽ വന്നു. ഡോ. രാജേന്ദ്രപ്രസാദ് ആദ്യത്തെ പ്രസിഡൻറായി അധികാരത്തിൽ വന്നു. അതോടെ രാജ്യം ബാഹ്യമായും ആന്തരീകമായും - പൂർണ്ണമായി - സ്വതന്ത്രമായി. ഇന്ന് 68 വർഷം പൂർത്തിയായി. 69-ാം റിപ്പബ്ലിക് ദിനാചരണമാണ് നടക്കുന്നത്.

➢ മറ്റൊരുവിധം പറഞ്ഞാൽ നമ്മുടെ ഭരണഘടനയുടെ വാർഷിക ദിനമാണിന്ന്. ലോകത്തെ തന്നെ വലിയ ഭരണഘടനയാണ് നമ്മുടേത് 2 വർഷം, 11 മാസം, 18 ദിവസം കൊണ്ടാണിത് പൂർത്തിയായത്. 165 ദിവസം സിറ്റിംഗ് നടത്തി.

➢ നമ്മുടെ ഭരണഘടനയിൽ ഒരു ആമുഖം, 22 ഭാഗങ്ങൾ, 12 പട്ടിക എന്നിവയാണുള്ളത്. ഇതിലെ ആമുഖം ''ഭരണഘടനയുടെ ആത്മാവ്''

എന്നാണ് വിശേഷിപ്പിക്കപ്പെടുന്നത്. കാരണം അത് ഭരണഘടനയുടെ ആകത്തുക (ആത്മാവ്) ആണ്.

➢ ഭരണഘടനയുടെ ആമുഖത്തിൽ മൂന്ന് കാര്യങ്ങളാണുള്ളത്. ജനാധിപത്യം, മതനിരപേക്ഷത, സ്ഥിതി സമത്വം.

ജനാധിപത്യം: ഏകാധിപത്യത്തെ നിരാകരിക്കുന്നു. മതനിരപേക്ഷത: ചിന്ത, വിശ്വാസം, ആശയാവിഷ്ക്കാരം, ഭക്തി, ആരാധന എന്നിവയിൽ ഏവർക്കും സ്വാതന്ത്ര്യം ഉറപ്പ് തരുന്നു. സ്ഥിതിസമത്വം; മത, ജാതി, ഭാഷാ, പ്രദേശവ്യത്യാസത്തോടെ പൗരന്മാരെ കാണുന്നതിനെ എതിർക്കുന്നു.

ചുരുക്കത്തിൽ "ഒറ്റ രാജ്യം ഒറ്റ ജനത" എന്ന മഹത്തായ സങ്കൽപ്പത്തെയാണ് ഭരണഘടന ഉയർത്തിപ്പിടിക്കുന്നത്. ഇത്തരം ഒരു ആശയം ചരിത്രത്തിൽ ആദ്യമായി ഹജ്ജുത്തുൽ വദാഇൽ നബി (സ്വ) ഉണർത്തുകയുണ്ടായി.

يَا أَيُّهَا النَّاسُ، أَلَا إِنَّ رَبَّكُمْ وَاحِدٌ، وَإِنَّ أَبَاكُمْ وَاحِدٌ، أَلَا لَا فَضْلَ لِعَرَبِيٍّ عَلَى أَعْجَمِيٍّ، وَلَا لِعَجَمِيٍّ عَلَى عَرَبِيٍّ، وَلَا لِأَحْمَرَ عَلَى أَسْوَدَ، وَلَا أَسْوَدَ عَلَى أَحْمَرَ إِلَّا بِالتَّقْوَى (أحمد)

തുല്യനീതി ഉറപ്പ് പറയുന്ന ഒരു ഭരണഘടനയാണ് നമ്മുടെ രാജ്യത്തിന്റേത്.

➢ എന്നാൽ ഭരണഘടന നിലവിൽ വന്ന് 68 വർഷം പൂർത്തിയാകുമ്പോൾ കടുത്ത വിവേചനം രാജ്യത്ത് നിലനിൽക്കുകയാണ്. മതത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെ വേർതിരിക്കുന്നു.

ഭരണഘടന നടപ്പാക്കും എന്ന് പ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വന്ന സർക്കാരാർ തന്നെ ഇതിന് നേതൃത്വം വഹിക്കുന്നത അതീവ ഗുരുതരമാണ്.

➢ ഇതിന്റെ ഉദാഹരണമാണ് ഹജ്ജ് സബ്സിഡി നിർത്തലാക്കിയ രീതി. 1932 ൽ ബ്രിട്ടീഷ് ഭരണകാലം മുതൽക്ക് ഹജ്ജ് സബ്സിഡി നൽകുന്നുണ്ട്. ഇപ്പോൾ ഒരു ഹാജിക്ക് ₹.10000 ആണ് നൽകുന്നത്. അത് ടിക്കറ്റ് ആനുകൂല്യമായി ഗവൺമെന്റ് വിമാനക്കമ്പനികൾ ക്കാണ് നൽകുന്നത്.

ഒരു ഹാജിയും സബ്സിഡി ആഗ്രഹിക്കുന്നില്ല. നിർത്തിയതിൽ പരാതിയുമില്ല. കാരണം കഴിവുള്ളവരാണ് ഹജ്ജിന് പോകേണ്ടത്.

وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلًا ۚ وَمَن كَفَرَ فَإِنَّ اللَّهَ غَنِيٌّ عَنِ الْعَالَمِينَ ﴿آل عمران :٩٧﴾

عَنْ الحَارِثِ، عَنْ عَلِيٍّ قَالَ : قَالَ رَسُولُ اللَّهِ ﷺ: مَنْ مَلَكَ زَادًا وَرَاحِلَةً تُبَلِّغُهُ إِلَى بَيْتِ اللَّهِ وَلَمْ يَحُجَّ ، فَلَا عَلَيْهِ أَنْ يَمُوتَ يَهُودِيًّا، أَوْ نَصْرَانِيًّا(ترمذي)

ഇത് വിവാദമായപ്പോൾ 2006ൽ തന്നെ മുസ്‌ലിം നേതൃത്വം ഇത് വേണ്ട എന്നു പറഞ്ഞിട്ടുണ്ട്. ഇപ്പോൾ സബ്സിഡി നിർത്തിയപ്പോൾ ഒറ്റമുസ്‌ലിം സംഘടനയും അതിനെ എതിർത്തിട്ടില്ല. പക്ഷേ മുസ്‌ലിംകളും അമുസ്‌ലിംകളും എതിർത്തത് ഗവൺമെന്റിന്റെ വിവേചന രീതിയെയാണ്.

➢ ഇവിടെ രണ്ട് കാര്യങ്ങൾ പ്രസക്തമാണ്. 1) ഹജ്ജിന്റെ പേരിൽ നടക്കുന്ന വിമാന നിരക്കിലെ കൊള്ള ഗവൺമെന്റ് അവസാനി പ്പിച്ചില്ല. കേരളത്തിൽ നിന്ന് ജിദ്ദക്ക് സാധാരണ ചാർജ് 25000- 30000 ആണ്. ഹജ്ജ് സീസണിൽ ഇത് 75-80 ആണ്. കൂടാതെ എയർപോർട്ട് ടാക്സ്-8000. ഇത്ര പൈസ കൂട്ടിയശേഷം അതിൽ 10000 സബ്സിഡി നൽകുന്നു. ഇത് സഹായമല്ല, ദ്രോഹമാണ്. ഈ ചാർജ് കൂട്ടുന്നത് കേന്ദ്ര ഏവിയേഷനും എയർ ഇന്ത്യയുമാണ്. എയർഇന്ത്യ നഷ്ടം നികത്തുന്നത് ഇതുവഴി എന്ന് സംശയിക്കണം.

ഇതിന് പരിഹാരം ഉണ്ടാക്കേണ്ടത് ഗവ. ആണ്. ആഗോള ടെണ്ടർ വിളിക്കണം. കുറഞ്ഞ നിരക്ക് നൽകുന്ന വിമാനക്കമ്പനിക്ക് അനുമതി കൊടുക്കണം. അതിന് സമുദായം സമ്മർദ്ദം ചെലുത്തണം. ഒറ്റക്കെട്ടായിരുന്നാൽ തീരുമാനമുണ്ടാകും. അവിടെയാണ് സംഘടനാ യോജിപ്പുണ്ടാകേണ്ടത്.

ഒരാളുടെയും പിന്തുണയില്ലാതെ സഹോദരന്റെ കസ്റ്റഡി മരണം CBI അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് 771 ദിവസം സമരം നടത്തിയ ശ്രീജിത്ത് വിജയിച്ചത് ഓർക്കണം. ചുരുക്കത്തിൽ ഗവൺമെന്റ് അറിഞ്ഞ് നടക്കുന്ന ഹജ്ജ് കൊള്ള അവസാനിപ്പിക്കണം.

➢ 2) ഇത് നടപ്പാക്കിയ രീതിയിൽ സർക്കാർ മുസ്‌ലിം വിവേചനം പുലർത്തി.

ഇവിടെ മതചടങ്ങുകൾക്ക് പലർക്കും സബ്സിഡി നൽകുന്നുണ്ട്. മഹാരാഷ്ട്രയിലെ നാസികിൽ നടക്കുന്ന കുംഭമേളക്ക് 2500 കോടി.

ഉജ്ജൈൻ കുംഭമേളക്ക് 3400 കോടി. അലഹബാദ് കുംഭമേളക്ക് 1150 കോടി. ടിബറ്റിലെ മാനസസരോവർ തീർത്ഥാടകന് 1 ലക്ഷം.

ഇതിലൊന്നും മുസ്‌ലിംകൾക്ക് എതിർപ്പില്ല. ആക്ഷേപമില്ല. ഇത് നിലനിൽക്കെ മുസ്‌ലിംകളോട് കാണിക്കുന്ന വിവേവചന ത്തോടാണെ തിർപ്പ്. മതത്തിന്റെ പേരിൽ പൗരന്മാരെ വേർതിരിക്കുന്നത് ഭരണഘട നക്കും രാജ്യത്തിന്റെ പാരമ്പര്യത്തിനും എതിരാണ്. ഇതിനെതിരെ രാഷ്ട്രീയപാർട്ടികൾ പ്രതികരിക്കണം.

➢ ഇതുപൊലെത്തെ മറ്റൊരു പ്രശ്നമാണ് മുത്വലാഖ്ബിൽ പാസ്സാക്കാനുള്ള ശ്രമം. മുസ്‌ലിം സമുദായത്തിന്റേയോ ഉലമാക്കളുടെയോ അഭിപ്രായം പോലും തേടാതെയാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്. വിവാഹ മോചനത്തിന് മൂന്നവർഷം കഠിന തടവാണ് ബിൽ ശുപാർശ ചെയ്യുന്നത്. മറ്റൊരു സമുദായത്തിനും ഇത്തരം ഒരു നിയമം രാജ്യത്തില്ല.

➢ യഥാർത്ഥത്തിൽ ഇതിനെ രാഷ്ട്രീയ ആയുധമാക്കുകയാണ് കേന്ദ്ര സർക്കാർ. വർഗ്ഗീയതയെ ഇളക്കി വിട്ട് വോട്ടു രാഷ്ട്രീയം കളിക്കുകയാണവർ. ഗുജറാത്തിൽ ഉണ്ടായ പരാചയം, ബോംബെയിൽ ദലിതർ എതിർത്ത് രംഗത്ത് വരുന്നതിന്റെ ക്ഷീണം, അഴിമതി ആരോപണം ഇവയൊക്കെ മറികടക്കാനുള്ള ശ്രമം.

➢ പക്ഷേ തിന്മയുടെ അനി വാര്യമായ ക്ഷീണം അവരെ പുന്തുടർന്ന് കൊണ്ടിരിക്കുന്നു. തൊഗാഡിയ, മുത്തലിക്മാരുടെ ഭിന്നിപ്പും എതിർപ്പും പുതിയ തെളിവാണ്.

بَأْسُهُم بَيْنَهُمْ شَدِيدٌ ۚ تَحْسَبُهُمْ جَمِيعًا وَقُلُوبُهُمْ شَتَّىٰ ۚ ذَٰلِكَ بِأَنَّهُمْ قَوْمٌ لَّا يَعْقِلُونَ ﴿الحشر: ١٤﴾

➢ പ്രതിസന്ധി രൂക്ഷമാണെങ്കിലും നബി(സ്വ)യുടെ സുന്നത്തിന്റെ മദ്റസയിൽ നമുക്ക് പ്രതീക്ഷയുണ്ട്. എത്ര തടഞ്ഞ് നിർത്തിയാലും പ്രകാശം അരിച്ച് കടന്നുവരും. മക്കയുടെ 13 വർഷത്തെ ചരിത്രം അതിന് തെളിവാണ്. തങ്ങളുടെ സുന്നത്താണ് അവരെ വഴി നടത്തിയത. നാം ആ സുന്നത്തിനെ കൈവിടാതിരിക്കുക. അത് രക്ഷയുടെ വഴി ഒരുക്കും.
അത് തിരിച്ചറിഞ്ഞ് പ്രതികരിക്കാൻ ജനാധിപത്യചേരി മുന്നോട്ടുവരണം.

وَلَا تَهِنُوا وَلَا تَحْزَنُوا وَأَنتُمُ الْأَعْلَوْنَ إِن كُنتُم مُّؤْمِنِينَ ﴿آل عمران: ١٣٩﴾